പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5787 — 05/07/2013 -ൽ മറുപടിക്ക്

## വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, ഹൈബി ഈഡൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് വസ്തു രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | എ) & (ബി) | കുടുംബാംഗങ്ങൾ - (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ)-ക്കിടയിലുളള ഭാഗപത്രങ്ങൾ, ഒഴിവുകുറികൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25000/-രൂപ എന്ന പരിധിക്കു വിധേയമായി, 1% ആയി ഏകീകരിക്കുകയുണ്ടായി.<br><br>കുടുംബാംഗങ്ങൾ - (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ)-ക്കിടയിലുളള ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25000/-രൂപ എന്ന പരിധിക്കു വിധേയമായി, 1% ആയി ഏകീകരിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം തരം രജിസ്ട്രേഷനുകൾക്കാണ് ഫീസിളവ് വരുത്തിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| സി) | ഇത് സംബന്ധിച്ച് നികുതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | സി) | ഉണ്ട്. 18/04/2012-ലെ ജി.ഒ.(പി)നം.73/2012/റ്റിഡി. നമ്പർ ആയും, 22/08/2012-ലെ ജി.ഒ.(പി) നം.149/2012/റ്റിഡി. നമ്പർ ആയും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | എന്ന് മുതലാണ് ഫീസിളവിന് പ്രാബല്യം നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | 22/08/2012 മുതൽ.<br><br>കുടുംബാംഗങ്ങൾ (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ) - ക്കിടയിലുള്ള ഭാഗപത്രങ്ങൾ, ഒഴിവുകുറികൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25000/-രൂപ എന്ന പരിധിക്ക് വിധേയമായി, 1% ആയി ഏകീകരിച്ചിട്ടുണ്ട്.<br><br>കുടുംബാംഗങ്ങൾ - (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ) - ക്കിടയിലുള്ള ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25000/-രൂപ എന്ന പരിധിക്ക് വിധേയമായി, 1% ആയി ഏകീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**